**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3171** **01-03-2023 - ൽ മറുപടിയ്ക്ക്**

**കാപ്പാടിന്റെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് ലഭിച്ച ഏക ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാടിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി വിനോദ സഞ്ചാരവകുപ്പ് 26 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.** |
| (ബി) | സംസ്ഥാനത്തെ ഏറ്റവും മനോഹരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ കാപ്പാടിന്റെ സമഗ്ര വികസനത്തിന് ടൂറിസം വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | **കാപ്പാടിന്റെ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ചരിത്രമ്യൂസിയം സ്ഥാപിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ വകുപ്പ് തയ്യാറാക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ